## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 786** **29/10/2019 ൽ മറുപടിക്ക്**

**<u>തിരുവിതാംകൂർ ദേവസ്വം ബോർഡ് നേരിടുന്ന സാമ്പത്തിക പ്രതിസന്ധി</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.ഡി.സതീശൻ** | **കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡ് നിലവിൽ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്; | (എ) | കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നില്ല എന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ മൂന്ന് വർഷമായി പെൻഷൻ ഫണ്ടിലേക്ക് ഓരോ വർഷവും ദേവസ്വം ബോർഡ് എന്ത് തുക വീതമാണ് അടയ്ക്കുന്നതെന്ന് അറിയിക്കാമോ; | (ബി) | **2016-2017-** 39,96,49,117 (മുപ്പത്തി ഒൻപത് കോടി തൊണ്ണൂറ്റി ആറ് ലക്ഷത്തി നാല്പത്തി ഒൻപതിനായിരത്തി ഒരുന്നൂറ്റി പതിനേഴ് രൂപ)<br>**2017-2018-** 37,99,33,921. ( മുപ്പത്തി ഏഴ് കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി മുപ്പത്തി മൂവായിരത്തി തൊള്ളായിരത്തി ഇരുപത്തി ഒന്ന് രൂപ)<br>**2018-2019-** 7,33,27,794( ഏഴ് കോടി മുപ്പത്തിമൂന്ന് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി നാല് രൂപ) |
| (സി) | സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ പെൻഷൻ ഫണ്ടിൽ നിന്നും അടുത്തിടെ തുക പിൻവലിച്ചിരുന്നോ; എങ്കിൽ എന്ത് തുക പിൻവലിച്ചു; വിശദമാക്കുമോ; | (സി) | ഇല്ല എന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |
| (ഡി) | സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് സർക്കാർ വാഗ്ദാനം ചെയ്ത നൂറ് കോടി രൂപ ബോർഡിന്റെ അക്കൗണ്ടിൽ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഡി) | ദേവസ്വം ബോർഡിനുണ്ടായ പ്രതിസന്ധി പരിഹരിക്കുവാൻ 30.08.2019 ലെ സർക്കാർ ഉത്തരവു പ്രകാരം ആദ്യ ഗഡുവായി 30 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ